**HADIA CSE Khutba Notes (11.08.2017)**

## ഇന്ത്യ മരിക്കരുത്

നമ്മുടെ രാജ്യം അതിന്റെ എഴുപതാമത്തെ സ്വാതന്ത്ര്യദിനം ആഘോഷിക്കാനുള്ള ഒരുക്കത്തിലാണല്ലോ. ഏത് മേഖല എടുത്ത് പരിശോധിച്ചാലും അവയിലെല്ലാം ദീപ്തമായ പാരമ്പര്യം അവകാശപ്പെടാൻ പറ്റുന്ന ഒരു രാഷ്ട്രമാണ് നമ്മുടേത്. ചില ഉദാഹരണങ്ങൾ നോക്കുക:

വിദ്യാഭ്യാസവും അറിവും: ഇന്ത്യയിൽ നിലനിന്നിരുന്ന ഏറെ പ്രശസ്തമായ രണ്ടു മഹാവിദ്യാലയങ്ങളായിരുന്നു റാവൽപിണ്ടിയിലെ തക്ഷശില യൂനിവേഴ്സിറ്റിയും ബീഹാറിലെ നളന്ദയും. ഭരതനാണ് തക്ഷശിലയുടെ സ്ഥാപകൻ. 1200 വർഷം നിലനിന്ന ഇതിന്റെ സന്തതികളാണ് പാണിനിയും ചരകനും കൗടില്യനും. കൊടുത്തത് പോര എന്ന അർഥത്തിലുള്ള ന അലം ദായാണ് നളന്ദയായത്. ഇത് 1000 വർഷത്തോളം പ്രവർത്തിച്ചു. ഒരുകാലത്ത് ഇവിടെ 1000 വിദ്യാർത്ഥികൾ ഒരേ സമയം പഠിച്ചിരുന്നു. 12 വർഷമായിരുന്നു പഠനകാലാവധി. വിദ്യാർത്ഥികൾക്ക് ഉറങ്ങാൻ നൂറോളം ഹാളുകളും നാലുനില കെട്ടിടസമുച്ചയങ്ങളും നളന്ദക്കുണ്ടായിരുന്നു. ശ്രീ ബുദ്ധൻ ഇവിടുത്തെ വിദ്യാർത്ഥിയായിരുന്നത്രെ! അക്കങ്ങൾക്കിടയിലെ പൂജ്യവും (0) എണ്ണൽ സംഖ്യയും കണ്ടെത്തിയത് ഭാരതീയരാണ്. പൂജ്യത്തിന്റെ കണ്ടുപിടുത്തത്തോടെ എണ്ണലിനെ ചുരുക്കിക്കൊണ്ടുവരാൻ ലോകത്തിന് കഴിഞ്ഞു. കണക്കിലെ 'പൈ' എന്ന സങ്കേതത്തിന്റെ വില കൃത്യമായി കണ്ടെത്തിയത് ഭാരതീയ ശാസ്ത്രജ്ഞനായ ആര്യഭടനാണ്.

വികസനം: ലോകത്തു തന്നെ ആദ്യം നിലവിൽ വന്ന മാതൃക പട്ടണങ്ങളാണ് ഭാരതത്തിൽ നിലനിന്നിരുന്ന ഹാരപ്പയും മോഹൻജദാരോയും. ബ്രിട്ടീഷുകാർ ആദ്യകാലത്ത് റെയിൽപാളം നിർമിക്കാൻ ഹാരപ്പയിൽ നിന്ന് കണ്ടെടുത്ത ചുടുകട്ടകൾ ഉപയോഗിച്ചിരുന്നു. മൗര്യസാമ്രാജ്യത്തിന്റെ കാലത്ത് ഗംഗാ തീരത്ത് 2000 പട്ടണങ്ങൾ ഉണ്ടായിരുന്നു. മുമ്പ് ആഗ്രക്ക് ലണ്ടൻ നഗരത്തേക്കാൾ ധനപുഷ്ടി ഉണ്ടായിരുന്നു. ആദ്യം സ്വർണം ഉപയോഗിച്ചതും അതു കണ്ടെത്തിയതും ഭാരതത്തിലാണ്. ഭാരതത്തിൽ നിർമിച്ച മയൂരസിംഹാസനത്തിന് അന്നുതന്നെ ഒരു കോടി ഡോളറിന്റെ മൂല്യമുണ്ട്.

വ്യവസായം: മരപ്പണി, ലോഹപ്പണി, നെയ്ത്ത്, ഗ്ലാസ്സ് നിർമാണം, സോപ്പു നിർമാണം, ചായപ്പണി- ഇവയിലെല്ലാം പണ്ട് ഭാരതത്തെ കവച്ചുവെക്കാൻ മറ്റു രാജ്യങ്ങൾക്ക് സാധിച്ചിരുന്നില്ല. സുലൈമാൻ നബി(അ)യുടെ കൊട്ടാരത്തിൽ ഭാരതത്തിൽ നിന്ന് കൊണ്ടുപോയ വസ്തുക്കൾ ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. പ്രവാചകന്റെ സദസ്സിൽ ഒരിക്കൽ ഇന്ത്യയിലെ ഭരണാധികാരി കൊടുത്തയച്ച ഇഞ്ചി വിതരണം ചെയ്യപ്പെട്ടതായി ഹദീസുകളിലുണ്ടല്ലോ (ഹാകിം). മുമ്പ് ഏഷ്യയിലെ രാജാക്കളും രാജ്ഞിമാരും ഇന്ത്യൻ നിർമിത വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്.

ആരോഗ്യം: ആരോഗ്യ മേഖലക്ക് ഭാരതം നൽകിയ സംഭാവനയാണ് പതഞ്ജലി (BC 3000) തുടക്കം കുറിച്ച ആയുർവേദം.

സാഹിത്യം: ഭാരതത്തിൽ എഴുതപ്പെട്ട് ലോകത്തോളം വളർന്ന ചില കൃതികൾ നോക്കുക: മഹാഭാരതം, രാമായണം, അർഥശാസ്ത്രം (ചാണക്യൻ), പഞ്ചതന്ത്രം കഥകൾ, അമരകോശ (അമരസിൻഹ), ഭരതമുനിയുടെ നാട്യശാസ്ത്ര, കാളിദാസ കൃതികൾ, നാഗാർജുന കൃതികൾ.

ഭാഷകൾ: നിലവിൽ 880 ഓളം ഭാഷകൾ ഇന്ത്യയിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. 1961 ൽ ഇത് 1652 ആയിരുന്നു.

വംശവും ജാതിയും: ഇന്ത്യയിൽ ജനവിഭാഗങ്ങൾക്കിടയിൽ 3000 വംശങ്ങളും 25000 ഉപവംശങ്ങളും നിലനിൽക്കുന്നുണ്ട്.

**HADIA CSE Khutba Notes (11.08.2017)**

## ഇന്ത്യ മരിക്കരുത്

ഇത്തരം വസ്തുതകളിലൂടെ കടന്നു പോവുമ്പോൾ നമുക്ക് ബോധ്യപ്പെടുന്ന രണ്ടു യാ
ഥാർഥ്യങ്ങളുണ്ട്. ഒന്ന്, ഇന്ത്യയിൽ നേരത്തെ ഉണ്ടായിരുന്നതും ഇപ്പോൾ ഉള്ളതുമായ
വൈവിധ്യം. ഒട്ടേറെ വ്യത്യസ്ത ഘടകങ്ങളുടെ മിശ്രിതമാണ് ഭാരത സംസ്കാരമെന്ന് ചു
രുക്കം. രണ്ട്, പ്രസ്തുത വൈവിധ്യങ്ങൾക്കിടയിലെ ഒരുമയും ഐക്യവും. ഇഖ്ബാൽ ത
റാനെമില്ലിയിൽ പ്രസ്താവിക്കുന്നു:

مذہب نہیں سکھاتا

آپس میں بیر رکھنا
ھندو ہیں ہم وطن ہے

هندي ستان ہمارا

*'മദ്ഹബ് നഹി സികാതാ*

*ആപസ് മേ പേർ രക്നാ*

*ഹിന്ദീ ഹൈ ഹം വഥൻ ഹെ*

*ഹിന്ദുസിതാൻ ഹമാര'*

(ഒരു ദർശനവും ഭാരതത്തിൽ പരസ്പരം അക്രമിക്കാൻ പഠിപ്പിക്കുന്നില്ല. നാമെല്ലാവരും
ഇന്ത്യക്കാരും ഭാരതീയരുമാണ്). മറ്റുള്ളവർക്ക് സന്തോഷമുണ്ടാക്കുന്നതെല്ലാം നൻമയും
അല്ലാത്തതെല്ലാം തിൻമയുമാണെന്ന വിശാലനിർവചനമാണ് മഹാഭാരതം പഠിപ്പിക്കു
ന്നത്. എന്നാൽ ഇപ്പറഞ്ഞ വൈവിധ്യം നശിപ്പിച്ച് ഒരേയൊരു സംസ്കാരവും മതവും ത
ത്വസംഹിതയും ഓരോ ഇന്ത്യക്കാരന്റെയും മേൽ അടിച്ചേൽപിക്കാനാണ് ഫാഷിസ്റ്റുകൾ
അവർക്ക് ലഭിച്ചിരിക്കുന്ന അധികാരത്തിന്റെ ബലത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇ
തിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തിന്റെ വലുപ്പം മനസ്സിലാക്കുകയും അതിനെതിരെ ആ
വശ്യമായ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ഇന്ന് മതേതരത്വത്തിൽ വിശ്വസിക്കുന്ന
സർവരും ചെയ്യേണ്ടത്. മതേതര-ജനാധിപത്യ വിശ്വാസികളുടെ ഐക്യമാണ് ഇന്ന് കാ
ലം നമ്മോടാവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത്തരം ചിന്തകളാൽ മുഖരിത
മാവട്ടെ നമ്മുടെ ഇപ്രാവശ്യത്തെ സ്വാതന്ത്ര്യദിനാഘോഷം.

(ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയും പൊതുജനത്തിന്റെ അപകടകരമായ മൗനവും പരാ
മർശിക്കുന്ന ഒരു സംസാരമാണ് ഇപ്രാവശ്യം വേണ്ടത്. അതിന് മേൽകുറിപ്പിന്റെ ഘട
നയും സമകാലിക സംഭവവവികാസങ്ങളും ഉപയോഗപ്പെടുത്തുക.)

**HADIA CSE Khutba Notes (11.08.2017)**

## ഇന്ത്യ മരിക്കരുത്

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/